**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി സ്റ്റാർട്ട് അപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച ഉന്നതി സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നു. എൻജിനീയറിംഗ്, ഐ.റ്റി. അധിഷ്ഠിത സാങ്കേതിക വിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, മാർക്കറ്റിങ്ങ്, കാർഷികം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിജ്ഞാനവും താല്പര്യവുമുള്ള എന്നാൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു മൂലധനം സ്വരൂപിക്കാൻ സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ സംരംഭക സ്വപ്നം നിറവേറ്റാൻ സാധിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയുവാക്കൾക്ക് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ആണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സംരംഭകത്വത്തിന്റെ സമസ്തമേഖലകളിലും പരിശീലനം നൽകി അവരെ പ്രാപ്തരാക്കുക, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സംരംഭകർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പരിമിതികൾ പരിഹരിക്കുക, അവർക്ക് അവരുടെ ബിസിനസ് സുരക്ഷിതമായി ആരംഭിക്കുന്നതിന് അനുകൂലമായ ആവാസവ്യവസ്ഥ നൽകുക എന്നിവയാണ് ഉന്നതി സ്റ്റാർട്ടപ്പ് മിഷന്റെ ലക്ഷ്യം.<br><br>സ്റ്റാർട്ടപ്പ് മിഷൻ മുഖേന സംരംഭകർക്ക് ബിസിനസ് പിന്തുണയും, പലിശരഹിത വായ്പ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായവും, സബ്സിഡി നിരക്കിൽ ഓഫീസ് സൗകര്യങ്ങളും നൽകിവരുന്നു. |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേ സമയം | (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക, |

| | | | |
|---|---|---|---|
| | തൊഴിൽ സംരംഭകരും, തൊഴിൽ ദാതാക്കളുമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള കേരള എംപവർമെന്റ് സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | | അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ മാർഗദർശനം നൽകി അവരെ വിജയത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക എന്നതാണ് ഉന്നതി എംപവർമെന്റ് സൊസൈറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | നൈപുണ്യ വികസനം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നോളജ് ഇക്കണോമി മിഷനുമായി സഹകരിച്ചുകൊണ്ട് കേരള എംപവർമെന്റ് സൊസൈറ്റിക്ക് എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (സി) | വിവിധ മേഖലകളിലായി വെർച്വൽ ജോബ് ഫെയറുകളിലൂടെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | സർക്കാർ വകുപ്പുകളുടെ പിന്തുണയോടുകൂടി , പൊതുകമ്പോളത്തിലെ ഏജൻസികളുമായി മൽസരിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളെ പ്രാപ്തരാക്കുവാൻ സൊസൈറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും പദ്ധതിയുടെ സാദ്ധ്യതകളെ സംബന്ധിച്ച് വകുപ്പുകളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ സാങ്കേതിക പരിശോധന നടത്തിയ ശേഷം ശുപാർശകൾ വകുപ്പ് മുൻപാകെ സമർപ്പിക്കുകയും സംരംഭകർ, സ്റ്റാർട്ടപ്പ് മിഷൻ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവർ കൂടിയാലോചന നടത്തി പദ്ധതിക്ക് അന്തിമാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാർട്ടപ്പ് മിഷൻ മുഖേന സംരംഭകർക്ക് ബിസിനസ് പിന്തുണയും, പലിശരഹിത വായ്പാ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായവും, സബ്സിഡി നിരക്കിൽ ഓഫീസ് സൗകര്യങ്ങളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ